പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5204 | 23-05-2017-ലെ മറുപടിയ്ക്ക്

**വരൾച്ചാകാലത്ത് തെങ്ങുകളെ സംരക്ഷിക്കുന്നതിന് നടപടികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** സംസ്ഥാനത്ത് വരൾച്ചമൂലം 2017 ജനുവരി 1 മുതൽ ഉണ്ടായിട്ടുള്ള കൃഷിനാശം സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | **(എ)** ഉണ്ട്. ഏകദേശം 175901 കർഷകരുടെ 45140.2 ഹെക്ടർ കൃഷി നശിച്ചതായും ഏറ്റവും കുറഞ്ഞത് 852.25 കോടി രൂപയുടെ കൃഷിനാശം ഉണ്ടായിട്ടുള്ളതുമായാണ് പ്രാഥമിക വിവര റിപ്പോർട്ട് പ്രകാരം കണക്കാക്കിയിട്ടുള്ളത്. പ്രധാന വിളകളായ നെല്ല്, വാഴ, തെങ്ങ്, കുരുമുളക്, പച്ചക്കറി, ഏലം, റബ്ബർ തുടങ്ങിയ വിളകൾക്കാണ് കൃഷിനാശം സംഭവിച്ചിട്ടുള്ളത്. |
| **(ബി)** വരൾച്ചാകാലത്ത് തെങ്ങുകൾക്കുണ്ടാകുന്ന രോഗങ്ങൾ, കീടബാധ എന്നിവ നിയന്ത്രിക്കുന്നതിനും കായ്ഫലമുള്ള തെങ്ങുകളെ സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ? | **(ബി)** കൃഷി വകുപ്പിന്റെ പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകളിൽ ഉല്പാദിപ്പിക്കുന്ന പരാദ പ്രാണികളെ ഉപയോഗിച്ച് തെങ്ങോലപ്പുഴു തുടങ്ങിയ കീടങ്ങളെ ഫലപ്രദമായി പ്രതിരോധിച്ചുവരുന്നു. സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടു-കൊണ്ട് നടപ്പിലാക്കിയ 'കേരഗ്രാമം' പദ്ധതിയിൽ വരൾച്ചയിൽ നിന്നും തെങ്ങുകളെ സംരക്ഷിക്കുന്നതിനും ഈർപ്പ സംരക്ഷണത്തിനുമായി തൊണ്ടടുക്കൽ, പുതയിടൽ, ഇടയിളക്കൽ, പച്ചിലവളച്ചെടി, ആവരണ വിള മുതലായ ഇടവിളകൃഷികൾ, കണികജലസേചനം, ഉൾപ്പെടെയുള്ള ജലസേചന സൗകര്യം വർദ്ധിപ്പിക്കൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ